(സി) നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തിയ പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി സമഗ്രമായ രീതിയിൽ പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനു് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) എല്ലാ പ്രൈമറി വിദ്യാലയങ്ങളും കാലത്തു് മണിമുതൽ വൈകിട്ടു് 5 മണിവരെ നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഈ വ്യവസ്ഥ അനുസരിച്ചു് പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർ മറ്റു അദ്ധ്യാപകന്മാരേക്കാൾ കൂടുതൽ സമയം ജോലി ചെയ്യേണ്ടിയിരിക്കുന്നതിനാൽ അവരുടെ ശമ്പളം Rs. 20—1—30 എന്ന സ്കെയിലിൽനിന്നും Rs. 30 രൂപയായി വർദ്ധിപ്പിക്കയും പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്കു് അടിസ്ഥാനശമ്പളമായ Rs. 30 രൂപക്കു് പുറമെ പ്രതിമാസം 5 രൂപാ അലവൻസു് അനുവദിക്കുകയും ചെയ്തിട്ടുണ്ടു്.

## നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം

വ്യ. (20) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി അടുത്ത സ്കൂൾ വർഷത്തിൽ മറ്റു പ്രദേശങ്ങളിലേക്കു് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതികനം അതിനുവേണ്ട എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇക്കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ബി) ഉണ്ടു്.

(സി) ഈ പദ്ധതി വികസിപ്പിക്കുന്നതു സംബന്ധിച്ചു് ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## NEYYAR DAM

*86. [11] **Sri. N. D. Jose:** Will the Hon'ble Minister for Public Works, Communications and Agriculture be pleased to state:—

(*a*) whether the Neyyar River Valley Scheme will be taken up for execution;

(*b*) if so, within what period it is expected to be completed, and

(*c*) if not, the reasons for dropping the Scheme?

*Minister for Public Works, Communications and Agriculture:* **(Sri. E. John Philipose):**

(*a*) The Scheme is only being investigated and the question of taking it up for execution will be decided only after the investigation is over.

(*b*) The Scheme will take about two years for completion from the date of starting the execution.

(*c*) Does not arise.

## FOREST CLEARANCE

*87. [12] **Sri. N. D. Jose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—



LIBRARY ARCHIVES Kerala Legislative Assembly